## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 662 — 09/02/2016-ൽ മറുപടിക്ക്

## കടപ്പാറയിലെ പട്ടികവർഗ്ഗ സമരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കടപ്പാറയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ സമരം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സമരം നടത്തുന്നവരുമായി സർക്കാർ ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; | ബി) | 19.01.2016 ന് പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറും 20.01.2016 ന് പാലക്കാട് ജില്ലാ കളക്ടറും സമരക്കാരുമായി ചർച്ചകൾ നടത്തിയിരുന്നു. |
| സി) | സമരം നടത്തിവരുന്ന ആദിവാസി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. കടപ്പാറ കോളനിയിലെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും കൃഷി ചെയ്യാനാവശ്യമായ ഭൂമി, വാസയോഗ്യമായ വീട്, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, വനവിഭവ ശേഖരണത്തിനും വിപണനത്തിനും ആവശ്യമായ പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക, ചികിത്സാ സൗകര്യം, ക്ഷേമ പെൻഷൻ, വിദ്യാഭ്യാസ സൗകര്യം, റോഡ്, കുടിവെള്ളം എന്നിവയാണ് ആവശ്യങ്ങൾ. |
| ഡി) | സമരം നടത്തുന്ന വിഭാഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; | ഡി) | വനാവകാശ നിയമം അനുസരിച്ച് അർഹമായ ഭൂമി നൽകുന്നതിനും, മറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. |

R.

സെക്ഷൻ ഓഫീസർ